2.	കേരള ഡിസ്റ്റിലറിസ് ആന്റ് അലൈഡ് പ്രോഡക്ട്സ് ലിമിറ്റഡ്, പാലക്കാട്	- 3000
3.	തോട്ടക്കാട് ഡിസ്റ്റിലറി, ആലുവ	- 400
4.	കെയ്സി ഡിസ്റ്റിലറി, പുതുക്കാട്	- 5000
5.	പോൾസൺ ഡിസ്റ്റിലറി, ചാലക്കുടി	- 2500
6.	സെവൻസസ് ഡിസ്റ്റിലറി, മണ്ണുത്തി	- 5000
7.	കേരള ആൽക്കഹോളിക് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്	- 2900
8.	സൂപ്പർ സ്റ്റാർ ഡിസ്റ്റിലറി, തൃശ്ശൂർ	- 2000
9.	മാക്ഡവൽ ഡിസ്റ്റിലറി, ചേർത്തല	- 3500
10.	ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്, തിരുവല്ല	- 1200
11.	കാസനോവ ഡിസ്റ്റിലറി, കോട്ടയം	- 450
12.	സൗത്ത് ട്രാവൻകൂർ ഡിസ്റ്റിലറി, നെയ്യാറ്റിൻകര	- 2400

ഇവയുടെ ഉൽപ്പാദനശേഷി പൂർണ്ണമായി ഉപയോഗിക്കുന്നില്ല.

(സി) വ്യാവസായികാവശ്യത്തിനുള്ള ആൽക്കഹോൾ നിർമ്മിക്കുന്ന ഒരു ഡിസ്റ്റിലറിക്ക് അനുവാദം കൊടുത്തു. (സൈലന്റ് സൺ കെമിക്കൽസ്, പാലക്കാട്)

(ഡി) ഇപ്പോൾ ഇല്ല. സംസ്ഥാനത്തിനാവശ്യമായ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്ന സാഹചര്യം വന്നുകഴിയുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

24 (*549) ഡിപ്പോകളിൽ കെട്ടിക്കിടക്കുന്ന തടികൾ

ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദ് :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിന്റെ ഡിപ്പോകളിൽ കെട്ടിക്കിടക്കുന്ന തടികൾ ലേലം ചെയ്തു വിൽക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പല ഡിപ്പോകളിലും ലക്ഷക്കണക്കിന് രൂപയുടെ തടികൾ കെട്ടിക്കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവ യഥാസമയം ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽകൂട്ടാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) പല ഡിപ്പോകളിലും ലേലവ്യവസ്ഥകളുടെ അശാസ്ത്രീയത കാരണം തടിലേലത്തിൽ പങ്കെടുക്കാൻ ആരും മുന്നോട്ട് വരാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത്തരം അശാസ്ത്രീയ വശങ്ങൾ ഒഴിവാക്കി തടിലേലം സുഗമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) :

(എ) സർക്കാർ അംഗീകരിച്ച് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ച ലേല വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഓരോ ഡിപ്പോയിലും തടിയുടെ സ്റ്റോക്ക് അനുസരിച്ച് മാസംതോറും ലേലം നടത്തിവരുന്നുണ്ട്. ലേലപരസ്യം ഗസറ്റിലും പത്രങ്ങളിലും യഥാസമയം പ്രസിദ്ധീകരിക്കുന്നുമുണ്ട്.

(ബി) ചില സർക്കാർ ഡിപ്പോകളിൽ ലക്ഷക്കണക്കിനു രൂപയുടെ തടി സ്റ്റോക്കിലുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് ലേലം ചെയ്യുന്നതിനും ലേലം ചെയ്തശേഷം തടി നീക്കം ചെയ്യുന്നതിനും ഏതാനും മാസങ്ങൾ വേണ്ടിവരുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) ലേലവ്യവസ്ഥകളിൽ അശാസ്ത്രീയ വശങ്ങൾ ഉള്ളതായി സർക്കാർ കരുതുന്നില്ല.

25 (*550) നികുതി ഏകീകരണം

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിലെ നികുതിസമ്പ്രദായം ഏകീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിൽനിന്നും കത്ത് കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം നല്കുമോ;

(സി) നികുതി ഏകീകരണം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഏതു രീതിയിൽ ബാധിക്കുമെന്ന് അറിയിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) 14-9-1998-ൽ ഡൽഹിയിൽ ചേർന്ന മുഖ്യമന്ത്രിമാരുടെയും ധനമന്ത്രിമാരുടെയും യോഗത്തിൽ ഫ്ളോർ റേറ്റ് സമ്പ്രദായത്തെക്കുറിച്ച് വിശദമായി പഠിക്കുന്നതിന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ധനകാര്യ മന്ത്രിമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ടി റിപ്പോർട്ടിൻമേൽ തീരുമാനമെടുക്കാൻ ധാരണയായി.

(സി) റിപ്പോർട്ട് ലഭിച്ച ശേഷമേ ഈ കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

26 (*551) കശുവണ്ടിയുടെ ഉൽപ്പാദനം

ശ്രീ. എം.എ. തോമസ് :

LIBRARY ARCHIVES Kerala Legislative Assembly